# ആരോഗ്യമന്ത്രിക്ക് തുറന്ന കത്ത്

## പൾസ് പോളിയോ സംബന്ധിച്ച് എടവണ്ണ ജനഭേരി പ്രവർത്തകർ ആരോഗ്യ മന്ത്രിക്കും ആരോഗ്യവകുപ്പ് സെക്രട്ടറിക്കും സമർപ്പിച്ച കത്ത്

തുടർച്ച

1999 ഏപ്രിൽ 7നും മെയ് 8നുമായി മലപ്പുറം ജില്ലയിലെ ചെമ്പ്രശ്ശേരിയിൽ 'പ്രത്യേക പോളിയോ പരിപാടി' ആരോഗ്യവകുപ്പ് നടപ്പാക്കി. ചെമ്പ്രശ്ശേരിയിൽ രമ്യ എന്ന ഏഴുവയസ്സുകാരി മരണപ്പെട്ടതാണ് പ്രത്യേക പോളിയോ പരിപാടി അവിടെ നടപ്പാക്കാൻ കാരണം.(പോളിയോ കേസുകൾ സംശയിക്കുന്ന സ്ഥലങ്ങളിലാണ് ഈ പരിപാടി നടത്തിയതെന്നാണ് ആരോഗ്യവകുപ്പ് വിശദീകരിക്കുന്നത്.)

98 നവംബർ മാസത്തിലാണ് കുട്ടി മരിച്ചത്. അസൻഡിങ്ങ് മൈലൈറ്റിസ് (ascending mylitis) ആണ് മരണകാരണം എന്നാണ് മരണസർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കുട്ടിയുടെ മലം പരിശോധന ചെയ്തിട്ടുമില്ല. (കുട്ടിക്ക് ആ ദിവസങ്ങളിൽ മലശോധന ഉണ്ടായില്ലെന്ന് രക്ഷാകർത്താക്കൾ പറയുന്നു. പിന്നെങ്ങനെയാണ് മലം സാമ്പിൾ എടുക്കുക?) കുട്ടിയുടെ മരണശേഷം 98 ഡിസംബർ മാസത്തിലും ജനുവരിയിലുമായിരണ്ട് തവണ പൾസ് പോളിയോ പരിപാടി ആ പ്രദേശത്ത് നടത്തിയിട്ടുമുണ്ട്.

ചോദ്യം.16. രോഗം സ്ഥിരീകരിക്കുന്നതിനു മുൻപേ പ്രത്യേക പോളിയോ പരിപാടി നടത്തിയത് എന്തിനാണ്?

ചോദ്യം.17. മരണശേഷം രണ്ട് ഡോസ് വാക്സിൻ നൽകിയിട്ടും വീണ്ടും പ്രത്യേക ഡോസ് കൊടുത്തതിൻെറ ആവശ്യം എന്തായിരുന്നു?

ചോദ്യം.18. ആ വീട്ടിലെയും പരിസരത്തെ വീടുകളിലെയും കിണറകുളിൽ രോഗാണുക്കളെ നശിപ്പിക്കാനായി അധികൃതർ എന്തോ മരുന്ന് തളിച്ചുവെന്ന് പരിസരവാസികൾ പറയുന്നു. എന്തുമരുന്നായിരുന്നു ഉപയോഗിച്ചത്? ഏതു രോഗാണുവിനെ നശിപ്പിക്കാനാണ് മരുന്ന് തളിച്ചത്? മരുന്നു തളിച്ചാൽ പോളിയോ രോഗാണുക്കൾ നശിക്കുമോ?

''പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻെറ ഭാഗമായി ഒരേദിവസം തന്നെ രാജ്യത്തെ അഞ്ചുവയസ്സിനു താഴെയുള്ള എല്ലാ കുട്ടികൾക്കും പോളിയോ വാക്സിൻെറ അധികഡോസ് നൽകുമ്പോൾ പിറ്റേദിവസം മലത്തിലൂടെ കുടലിൽ അധിവസിക്കുന്ന വൈൽഡ് വൈറസുകളെ വാക്സിൻ വൈറസുകൾ പുറംതള്ളുന്നു. മലത്തോടൊപ്പം വാക്സിൻ വൈറസുകളും പുറതള്ളപ്പെടും. ഈ പ്രക്രിയയിലൂടെ കുടലിലെ രോഗം പകർത്തുന്ന വൈൽഡ് വൈറസുകളെ ഒരേസമയം തന്നെ പുറംതള്ളാനും മണ്ണിൽ കൂടുതൽ വാക്സിൻ വൈറസുകളുടെ ആധിപത്യം സ്ഥാപിക്കാനും കഴിയും. ഇപ്രകാരം പുറം തള്ളപ്പെടുന്ന വാക്സിൻ വൈറസുകൾ കൂടുതലുള്ളതിനാൽ പ്രതിരോധ ചികിത്സ ലഭിക്കാത്ത കുട്ടികൾക്കും രോഗബാധ ഉണ്ടാകാതെ വാക്സിൻ വൈറസുകളിൽനിന്നും പ്രതിരോധ ശക്തി ലഭിക്കും. ഇതിനെ ഹേർഡ് ഇമ്മ്യൂണിറ്റി എന്നു പറയുന്നു.'' (ലഘുലേഖ 1997. ആരോഗ്യവകുപ്പ് ഐ.ഇ.സി. ബ്യൂറോ)

ചോദ്യം.19. സെപ്റ്റിക് ടാങ്കുകൾ ഉപയോഗിക്കുന്ന പട്ടണപ്രദേശങ്ങളിൽ എങ്ങനെയാണ് വാക്സിൻ വൈറസുകൾക്ക് 'മണ്ണിൽ' ആധിപത്യം സ്ഥാപിക്കാൻ കഴിയുക?

ചോദ്യം.20. 'ഹേർഡ് ഇമ്മ്യൂണിറ്റി' സാധ്യമാകുന്നത് ഏത് രീതിയിൽ എന്ന് വിശദീകരിക്കാമോ?

95 മുതൽ വർഷത്തിൽ രണ്ട് തവണവീതം ഇതുവരെ 12 ഡോസ് മരുന്ന് കുട്ടികൾക്ക് നൽകി. കൂടാതെ സാധാരണ പ്രതിരോധശ്രമങ്ങളുടെ അഞ്ചുഡോസ് മുടക്കില്ലാതെ തുടരുന്നു. അങ്ങനെ ആകെ 17 ഡോസ്. ഇതുകൂടാതെ പല സ്ഥലങ്ങളിലും 'പ്രത്യേക പോളിയോ പരിപാടി' എന്ന പേരിൽ വീണ്ടും മരുന്നു കൊടുത്തിട്ടുണ്ട്.

ചോദ്യം.21. ഈ അധികഡോസുകൾ കുട്ടികളിൽ ആരോഗ്യപ്രശ്നങ്ങളൊന്നുമുണ്ടാക്കില്ലെന്ന് ഉറപ്പ് പറയാൻ ആർക്കെങ്കിലും കഴിയുമോ?

ചോദ്യം.22. ഇനിയും എത്രകാലം ഇതേരീതിയിൽ അധികഡോസുകൾ തുടരേണ്ടിവരും?

ചോദ്യം.23. ലോകാരോഗ്യസംഘടനയുടെ കീഴിലുള്ള ഏതാണ്ടെല്ലാ രാജ്യങ്ങളിലും നിർബന്ധിത വാക്സിനേഷൻ നിരോധിച്ചിരിക്കേ "വാക്സിൻ നിർബന്ധമായും നൽകുക" എന്ന ആരോഗ്യവകുപ്പ് പരസ്യം ചെയ്യുന്നത് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയല്ലേ?

പനിയോ മറ്റ് അസുഖങ്ങളോ ഉള്ള കുട്ടികൾക്ക് വാക്സിൻ നൽകേണ്ടതാണ് എന്ന് ആരോഗ്യവകുപ്പ് പരസ്യം ചെയ്യുന്നു. അതേസമയംതന്നെ രോഗങ്ങളുള്ള കുട്ടികൾക്ക് വാക്സിൻ അപകടകാരിയാകുമെന്ന് വിദഗ്ദ്ധർ പറയുന്നു.

ചോദ്യം.24. ഞങ്ങൾ പൊതുജനങ്ങൾ ആരെയാണ് വിശ്വസിക്കേണ്ടത്?

ചോദ്യം.25. ആരോഗ്യവകുപ്പിൻെറ പരസ്യത്തിൽ വിശ്വസിച്ച് വാക്സിൻ കൊടുത്തശേഷം രോഗബാധിതരായാൽ അതിൻെറ ഉത്തരവാദിത്വം ആര് ഏറ്റെടുക്കും?

പ്രതിരോധശേഷിയില്ലാത്ത കുട്ടികൾക്ക് വാക്സിൻമൂലം രോഗം വരാമെന്ന് വിദഗ്ദ്ധ അഭിപ്രായപ്പെടുന്നു. പ്രതിരോധശേഷി വേണ്ടുവോളമുള്ള കുട്ടിയെ രക്ഷിക്കാൻ വാക്സിനുകളൊന്നും ആവശ്യമില്ലെന്ന സത്യം ഏവർക്കുമറിയാം.

ചോദ്യം.26. പ്രതിരോധശേഷിയില്ലാത്ത കുട്ടികളെ രക്ഷിക്കാൻ വാക്സിന് ശക്തിയില്ലെങ്കിൽപിന്നെ വാക്സിൻ കൊണ്ട് എന്താണ് പ്രയോജനം?

ചോദ്യം.27. പ്രതിരോധശേഷിയില്ലാത്ത കുട്ടികളെ രോഗങ്ങളിൽ നിന്ന് രക്ഷിക്കാൻ മറ്റെന്താണ് മാർഗ്ഗം? പൾസ് പോളിയോയുടെ പരസ്യത്തിൽ പറഞ്ഞപോലെ "ഈശ്വരൻ രക്ഷിക്കട്ടെ എന്നാണോ?

ചോദ്യം.28. പ്രതിരോധശേഷിയില്ലാത്ത കുട്ടികൾക്ക് വാക്സിൻമൂലം രോഗം വരാമെന്നുണ്ടെങ്കിൽ അതിനുള്ള വിദഗ്ദ്ധ പരിശോധന നടത്തിയശേഷമല്ലേ വാക്സിൻ കൊടുക്കാൻ പാടുള്ളൂ? എന്തുകൊണ്ട് അത്തരം പരിശോധനാ സംവിധാനങ്ങൾ ഉണ്ടാക്കുന്നില്ലേ?

വാക്സിൻമൂലം രോഗംവരാമെന്ന് വിദഗ്ദ്ധർ സമ്മതിക്കുന്നുണ്ട്. വാക്സിൻമൂലം പ്രതിവർഷം 60 കുട്ടികൾ ഇന്ത്യയിൽ രോഗബാധിതരാകുന്നതായി പൾസ് പോളിയോ പരിപാടിയുടെ ദേശീയ ഉപദേശകനും ഇന്ത്യൻ ശിശുരോഗ ചികിത്സാസംഘടനയുടെ പ്രസിഡൻറുമായ ഡോ. ടി. ജേക്കബ് ജോൺ 1999 ഡിസംബർ 24ൻെറ' സമകാലിക മലയാളം' വാരികയിലൂടെ വ്യക്തമാക്കുന്നു.

ചോദ്യം.29. വാക്സിൻതന്നെ രോഗകാരിയാകാം എന്നിരിക്കേ വാക്സിൻ തികച്ചും സുരക്ഷിതമാണ് എന്നു പരസ്യം ചെയ്ത് ആരോഗ്യവകുപ്പ് ജനങ്ങളെ വഞ്ചിക്കുന്നതെന്തിന്?

ചോദ്യം.30. വാക്സിൻമൂലം രോഗം വരാമെന്നുണ്ടെങ്കിൽ അത്തരം കുട്ടികളെ കണ്ടെത്താനും അവർക്ക് ആവശ്യമായ പരിചരണങ്ങൾ നൽകാനും വാക്സിൻ പ്രചരിപ്പിക്കാൻ ശുഷ്കാന്തി കാണിക്കുന്നവർ ശ്രദ്ധിക്കേണ്ടതല്ലേ?

ചോദ്യം.31. പൊതുജനാരോഗ്യം മുൻനിർത്തി നടപ്പാക്കുന്ന ഈ പദ്ധതിയിൽ ഇത്തരം 'ഫോളോഅപ്' പ്രവർത്തനങ്ങളും അവക്കുള്ള സാമ്പത്തികവും കൂടി ഉൾപ്പെടുത്താതിരുന്നത് എന്തുകൊണ്ട?

മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ കയ്യൊപ്പോടുകൂടിയ പത്രക്കുറിപ്പിലെ പ്രസക്തമായ ഒരു ഭാഗം കാണുക.

| 1987 | 1998 | | 1999 | |
|---|---|---|---|---|
| ആകെയുള്ള പോളിയോ കേസ് ദേശീയ തലത്തിൽ | ആകെയുള്ള പോളിയോ കേസ് | വൈൽഡ് പോളിയോ വൈറസ് | ആകെ പോളിയോ കേസ് | വൈൽഡ് വൈറസ് (14-8-99 വരെ) |
| 38087 | 4317 | 1932 | 746 | 205 |

ചോദ്യം.32. 98ലെ ആകെ പോളിയോ കേസ് 4317. വൈൽഡ് പോളിയോവൈറസ് മൂലമുണ്ടായത് 1932 എണ്ണം. ബാക്കി 2385.
98ലെ ആകെ പോളിയോ കേസ് 746
വൈൽഡ് വൈറസ് കേസ് 205
ബാക്കി 541 കേസുകൾ

ഇവ എന്തു കാരണം കൊണ്ടുണ്ടായി?

ചോദ്യം.33. വൈൽഡ് വൈറസിൽനിന്നും വാക്സിനിൽ നിന്നുമല്ലേ പോളിയോരോഗം ഉണ്ടാകൂ? അപ്പോൾ വൈൽഡ് വൈറസ് കൊണ്ടുണ്ടാകുന്നതിനേക്കാൾ കൂടുതലാണ് വാക്സിനിൽ നിന്നുള്ള രോഗബാധ എന്നല്ലേ ഇവിടെ വ്യക്തമാകുന്നത്? അങ്ങനെയെങ്കിൽ വാക്സിനെയല്ലേ കൂടുതൽ പേടിക്കേണ്ടത്?

ചോദ്യം.34. വാക്സിൻ മൂലമുള്ള രോഗബാധയുടെ നിരക്ക് വർദ്ധിച്ചിരിക്കുന്നുവെന്നല്ലേഈ കണക്ക് തെളിയിക്കുന്നത്?

പൾസ് പോളിയോ പരിപാടിയുമായി ബന്ധപ്പെട്ട പല പ്രശ്നങ്ങളും പലപ്പോഴായി പത്രങ്ങൾ റിപ്പോർട്ട് ചെയ്യാറുണ്ട് എങ്കിലും ഇതു സംബന്ധിച്ച വിശദാംശങ്ങൾ പലതും മറച്ചുവയ്ക്കപ്പെടുകയാണ് പതിവ്. പോളിയോ ആണെന്നു സംശയിക്കുന്ന കേസുകൾ കണ്ടെത്തിയതായി വാർത്തകൾ വരാറുണ്ടെങ്കിലും ആ കുട്ടികൾ വാക്സിൻ സ്വീകരിച്ചുവോ ഇല്ലയോ എന്ന കാര്യം പരസ്യപ്പെടുത്താറില്ല.

എന്ന് ഒരു കൂട്ടം രക്ഷിതാക്കൾ
ജനഭേരി സാംസ്കാരിക കേന്ദ്രം
എടവണ്ണ, മലപ്പുറം ജില്ല

എടവണ്ണ
15-1-2000